**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 444** **24-08-2022 - ൽ മറുപടിയ്ക്ക്**

**പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാറശാല നിയോജകമണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണ സഹിതമുള്ള വിവരം ലഭ്യമാക്കാമോ; | (എ) | പാറശാല നിയോജകമണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തിയ്ക്ക് 04-08-2020-ലെ FSH003-01/APR-3/2020/KIIFB നമ്പർ ഉത്തരവ്വ പ്രകാരം 4,62,82,834/- രൂപയുടെ ധനാനുമതി നൽകിയിട്ടുള്ളതും ഡി.എസ്.ആർ 2018 പ്രകാരം എസ്.പി.വി ആയ കെ.എസ്.സി.എ.ഡി.സി സമർപ്പിച്ച റിവിഷൻ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, 15-03-2022-ലെ FSH003-01/APR-4/2022/KllFB നമ്പർ ഉത്തരവ്വ പ്രകാരം 5,35,77,000/- രൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിട്ടുള്ളതുമാണ്. മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിക്ക് തിരിച്ചടവ്വ വ്യവസ്ഥ ബാധകമാക്കിയിരുന്നതിനാലും ഇതു സംബന്ധിച്ച കരാറിന് മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിസമ്മതം അറിയിച്ചിരുന്നതിനാലും സമ്മതമറിയിക്കുന്ന പദ്ധതികളുമായി മുന്നോട്ടു പോകുവാൻ കെ.എസ്.സി.എ.ഡി.സി-യ്ക്ക് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുമ്പോൾ പദ്ധതി അടങ്കൽ തുക തിരിച്ചടവ് എന്ന നിബന്ധന ഇല്ലായിരുന്നുയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കിഫ്ബിയെ സംബന്ധിച്ചിടത്തോളം മത്സ്യമാർക്കറ്റ് നവീകരണ പദ്ധതി, വരുമാനം ഉളവാക്കുന്ന പദ്ധതികളിൽ ഒന്നായാണ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മത്സ്യവും തുറമുഖവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എസ്.പി.വി ആയ കെ.എസ്.സി.എ.ഡി.സി എന്നിവരുമായി 23-01-2022-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നടത്തിയ ചർച്ചയിലെ തീരുമാനമനുസരിച്ച്, മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിയ്ക്ക് കിഫ്ബി അനുവദിക്കുന്ന ഫണ്ട്, 12 വർഷ കാലാവധിയോടും 5 ശതമാനം പലിശയോടും കൂടിയ ലോണായി |

| | | | |
|---|---|---|---|
| | | | നൽകിക്കൊണ്ടുള്ള തിരിച്ചടവു വ്യവസ്ഥ, പുതുക്കിയ ധനാനുമതി ഉത്തരവിൽ പരാമർശിച്ചിരുന്നു. |
| (സി) | പ്രസ്തുത തീരുമാനപ്രകാരം നിലവിൽ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി അടങ്കൽ തുക തിരിച്ചടവ് പൂർണ്ണമായും ഒഴിവാക്കി നൽകി എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിയ്ക്ക് ബാധകമാക്കിയിട്ടുള്ള തിരിച്ചടവു വ്യവസ്ഥ ഒഴിവാക്കുന്നതിന് എസ്.പി.വി ആയ കെ,എസ്.സി.എ.ഡി.സി, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബഹു.എം.എൽ.എ-മാർ എന്നിവരുടെ അഭ്യർത്ഥനകൾ കിഫ്ബിയിൽ ലഭ്യമാകുകയും അവ പരിശോധിച്ച ശേഷം ഫിഷറീസ് വകുപ്പിനു കീഴിലെ മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിയ്ക്ക് അനുവദിച്ച കിഫ്ബി ഫണ്ട് ഗ്രാന്റായി കണക്കാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ടി തീരുമാനം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മത്സ്യവും തുറമുഖവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എസ്.പി.വി ആയ കെ.എസ്.സി.എ.ഡി.സി എന്നിവരെ 04-08-2022-ലെ കത്ത് പ്രകാരം കിഫ്ബി അറിയിക്കുകയും ചെയ്തിട്ടുള്ളതിനാൽ, മത്സ്യമാർക്കറ്റ് പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.സി.എ.ഡി.സി-യ്ക്ക് നിലവിൽ തടസമൊന്നും ഇല്ല. |

സെക്ഷൻ ഓഫീസർ